# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 183*

*26/02/2018-ലെ മറുപടി*

## *കൊല്ലം കനാൽ പുനരുദ്ധാരണം*

**ചോദ്യം**

**ശ്രീ. എം. മുകേഷ്**

(എ) സംസ്ഥാന ജലപാതയേയും ദേശീയ ജലപാത - 3 നേയും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീളുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ മുഖ്യമന്ത്രി തലത്തിൽ അവലോകന യോഗം ചേർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

**മറുപടി**

**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

(എ) ഉണ്ട്. സംസ്ഥാന ജലപാതയുടെ ഭാഗമായ കൊല്ലം തോടിന്റെ പ്രവൃത്തികൾ ആറു റീച്ചുകളിലായി നടപ്പിലാക്കുന്നതിൽ ആറാം റീച്ചിന്റെ പണി പൂർത്തിയായിട്ടുള്ളതും 2, 3 റീച്ചുകളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി സാങ്കേതികാനുമതിക്കുള്ള നടപടികളെടുത്തു വരികയുമാണ്. 1, 4, 5 റീച്ചുകളിലെ പ്രവൃത്തികൾക്കുള്ള കരാർ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരുന്നത്. ടി പ്രവൃത്തിയുടെ കരാർ കാലാവധി പലതവണ ദീർഘിപ്പിച്ചു നൽകുകയും അവസാനമായി 31/03/2018 വരെ ദീർഘിപ്പിച്ചു നൽകി എങ്കിലും നാമമാത്രമായ പുരോഗതി മാത്രമേ കൈവരിച്ചിട്ടുള്ളൂ. 12/02/2018 തീയതിയിലെ ജലപാതാ വികസനം സംബന്ധിച്ച ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ കൊല്ലം തോടിന്റെ പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി പുനരവലോകനം ചെയ്ത് ആവശ്യമെങ്കിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡുമായുള്ള കരാർ അവസാനിപ്പിക്കുന്നതിനും വർക്ക് റീ അറേഞ്ച് ചെയ്യുന്നതിനും തീരുമാനമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**